**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **05-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലകളിലെ വൈദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഉൾപ്പെടെയുള്ള മലബാർ പ്രദേശത്തെ വൈദ്യുതി മേഖലയ്ക്ക് ഗുണകരമാകുന്ന ഏതെങ്കിലും കേന്ദ്ര പദ്ധതികൾ കർണ്ണാടക സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പുതുതായി ഒരു 400 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവിടുത്തേക്കുള്ള വൈദ്യുതി ലഭിക്കുന്നത് കർണ്ണാടകയിലെ ഉഡുപ്പിയിൽ നിന്നാണ്. ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി വൈദ്യുത ലൈൻ കർണ്ണാടകയിലെ ഉഡുപ്പി, ദക്ഷിണ കന്നട, കേരളത്തിലെ കാസർഗോഡ് ജില്ല എന്നിവിടങ്ങളിൽ കൂടിയാണ് കടന്ന് പോകുന്നത്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നതെന്നും ഉപഭോക്താക്കൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുകയെന്നും വിശദമാക്കാമോ; | (ബി) | കാസർഗോഡ്, കരിന്തളം 400 കെ.വി സബ്സ്റ്റേഷൻ പൂർത്തിയാകുന്നതോടെ കാസർ-ഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകൾക്കാണ് പ്രയോജനം ലഭിക്കുക. കൃത്യമായ വോൾട്ടേജിലുള്ള ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ലഭിക്കും എന്നതാണ് ഇതിന്റെ നേട്ടം. |
| (സി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിൽ വരുന്നതാണ്. സ്റ്റാർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിലുള്ള ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് ആണ് ഈ പദ്ധതിയുടെ നിർമ്മാണം നടത്തുന്നത്. പ്രസ്തുത പദ്ധതി 2022 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് ടി കമ്പനിയിൽ നിന്ന് ലഭ്യമായ വിവരം. |

സെക്ഷൻ ഓഫീസർ